സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി
SCERT Kerala
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in

# സ്കൂൾതലത്തിലെ മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് അംഗീകാരം

സ്കൂൾതലത്തിൽ നടപ്പിലാക്കിവരുന്ന മികച്ച വിദ്യാഭ്യാസ മാതൃകകൾ കണ്ടെത്തി അംഗീകരിക്കാനും രേഖപ്പെടുത്തി വ്യാപിപ്പിക്കുന്നതിനും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്. സി. ഇ. ആർ.ടി) പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. പ്രീ- പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്ഥാപനങ്ങൾക്കും അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവർ നടപ്പിലാക്കിയതോ നടപ്പിലാക്കിവരുന്നതോ ആയ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. വിദ്യാഭ്യാസ വ്യാപനം, ഗുണമേന്മവർദ്ധിപ്പിക്കൽ, അക്കാദമിക മികവ്, വിലയിരുത്തൽ പിൻതുണകൾ, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയവയിലെ മികച്ച മാതൃകകളാണ് എസ്. സി. ഇ. ആർ.ടി അന്വേഷിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം വിശദമായ ഡോക്യുമെന്റേഷനിലൂടെ വ്യാപനത്തിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതാണ്. സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവയുടെ നേതൃത്വത്തിലുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന (ചിത്രങ്ങൾ, ഡിജിറ്റൽ രേഖകൾ ഉൾപ്പെടെ) നോമിനേഷനുകൾ നവംബർ 30നു മുമ്പ് **ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം - 695 012** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. സ്കൂൾ അധികാരികൾക്കും ജനപ്രതിനിധികൾക്കും വിദ്യാഭ്യാസ പ്രവർത്തകർക്കും അധ്യാപക പരിശീലന സ്ഥാപനങ്ങൾക്കും നോമിനേഷൻ സമർപ്പിക്കാവുന്നതാണ്.

ഈ നിർദേശങ്ങൾ എല്ലാ സ്കൂളുകൾക്കും അറിയിപ്പായി നൽകണമെന്ന് താൽപര്യപ്പെടുന്നു.

(ഒപ്പ്)
**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി കേരളം